Draft #6 of File 4450/AD A7/1/2019/AD A 7 Approved by ASSISTANT REGISTRAR V (ADMINISTRATION) on 17-Aug-2019 04:10 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഇന്റർ സ്കൂൾ സെന്റർ-ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റഗ്രേറ്റഡ് പ്രോഗ്രാംസ് ആൻഡ് റിസർച്ച് ഇൻ ബേസിക് സയൻസസ് (IIRBS)-മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനങ്ങൾ ഉത്തരവായി പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 7 സെക്ഷൻ**

നമ്പർ. 3968/AD A 7/2019/എം.ജി.യു                    പ്രിയദർശിനി ഹിൽസ്,തീയതി: 17.08.2019

---

പരാമർശം:-1. യു. ഓ. നം. 597(എ)/എ7/3/2019/ഭ. വി. തീയതി 06.02.2019

2. കത്ത് നം. 4450/ADA7/1/ADA7 തീയതി 19.02.2019, 05.04.2019

3. IIRBS-ന്റെ ഓണററി ഡയറക്ടറുടെ കത്ത് നം. IIRBS L No.38/2019 തീയതി 04.07.2019

4. U. O. No. 480/ACC1/2019/MGU Dated 08.02.2019

5. ബഹു. വൈസ് ചാൻസലർ മുൻപാകെ IIRBS-ലെ വിദ്യാർത്ഥികൾ 15.06.2019 ന് സമർപ്പിച്ചിരുന്ന നിവേദനം.

6. 05.08.2019 ന് ബഹു. വൈസ് ചാൻസലറുടെ ചേംബറിൽ കൂടിയ IIRBS മോണിറ്ററിംഗ് കമ്മിറ്റിയുടെ മിനിറ്റ്സ് തീരുമാനങ്ങൾ.

7. U. O. No. 2711/ADA7/2019/MGU Dated 18.06.2019

**ഉത്തരവ്**

ഇന്റർ സ്കൂൾ സെന്ററായ 'ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റഗ്രേറ്റഡ് പ്രോഗ്രാംസ് ആൻഡ് റിസർച്ച് ഇൻ ബേസിക് സയൻസസ്' (IIRBS)-ലേക്ക് അദ്ധ്യാപകരുടെ തസ്തികകളിൽ ഒരുവർഷത്തേക്ക് കരാർ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിനും ടെക്നിക്കൽ സ്റ്റാഫുകളെ മറ്റു വകുപ്പുകളിൽ നിന്നും ആവശ്യാനുസരണം പുന:വിന്യസിപ്പിക്കുന്നതിനും 22.01.2019-ന് കൂടിയ സിൻഡിക്കേറ്റ് യോഗം തീരുമാനം കൈക്കൊണ്ടതിനെത്തുടർന്ന് പരാമർശം (1) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നതാണ്. തുടർന്നുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിനായി IIRBS-ലേക്ക് ആവശ്യമായ അദ്ധ്യാപകരുടെ/ടെക്നിക്കൽ സ്റ്റാഫിന്റെ എണ്ണം, യോഗ്യത സംബന്ധിയായ വിശദാംശങ്ങൾക്കായി പരാമർശം (2) കത്തുകൾ നൽകിയിരുന്നതിനെത്തുടർന്ന് പരാമർശം (3) പ്രകാരമുള്ള മറുപടിയിൽ ഓണററി ഡയറക്ടർ വിശദാംശങ്ങൾ ലഭ്യമാക്കിയിരുന്നു.

IIRBS-ന്റെ ഓണററി ഡയറക്ടറുടെ സാമ്പത്തികാധികാര പരിധി സർവകലാശാലയിലെ മറ്റു പഠനവകുപ്പുകളിലെ മേധാവികളുടേതിനു സമാനമായി പ്രതിമാസം ₹25,000/- രൂപയാക്കി നിജപ്പെടുത്തിയും വിദ്യാർത്ഥികൾക്കുള്ള സാമ്പത്തികാനുകൂല്യങ്ങൾ നിർത്തലാക്കിയും കൂടാതെ IIRBS-ലെ കോഴ്സുകളിലേക്കുള്ള പ്രവേശനം CAP വഴിയാക്കിയും 22.01.2019-ന് കൂടിയ സർവകലാശാലാ സിൻഡിക്കേറ്റ് യോഗം തീരുമാനം കൈക്കൊള്ളുകയും തദനുസരണം പരാമർശം (4) ഉത്തരവ് പുറപ്പെടുവിച്ചിരുന്നതുമാണ്. സർവകലാശാലാ സിൻഡിക്കേറ്റ് യോഗത്തിന്റെ തീരുമാനപ്രകാരം പുറപ്പെടുവിച്ച പരാമർശം (4) സർവ്വകലാശാലാ ഉത്തരവ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് IIRBS-ലെ ഒരു കൂട്ടം വിദ്യാർത്ഥികൾ ബഹു. വൈസ് ചാൻസലറുടെ മുൻപാകെ പരാമർശം (5) നിവേദനം സമർപ്പിച്ചിരുന്നതുമാണ്.

IIRBS-ന്റെ ഓണററി ഡയറക്ടറുടെ പരാമർശം (3) കത്തും IIRBS-ലെ വിദ്യാർത്ഥികൾ സമർപ്പിച്ചിരുന്ന പരാമർശം (5) നിവേദനവും IIRBS-നായുള്ള മോണിറ്ററിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. വൈസ് ചാൻസലർ ഉത്തരവായിരുന്നു. ഇതിന്റെ

അടിസ്ഥാനത്തിൽ മേൽ വിഷയങ്ങൾ പരിഗണിച്ച മോണിറ്ററിംഗ് കമ്മിറ്റി, പരാമർശം (6) പ്രകാരം ചുവടെയുള്ള തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

1. ഐ. ഐ. ആർ. ബി. എസ്. ലെ ജോലിഭാരം കണക്കാക്കുവാനും കുട്ടികളെ പഠിപ്പിക്കുവാൻ ആവശ്യമായ അദ്ധ്യാപകരുടെ എണ്ണം തിട്ടപ്പെടുത്തുവാനും ഡോ. എസ്. അനസ്, അസി. പ്രൊഫസർ, സ്കൂൾ ഓഫ് കെമിക്കൽ സയൻസ്, ഡോ. പി. ആർ. ബിജു, അസോ. പ്രൊഫസർ, സ്കൂൾ ഓഫ് പ്യുവർ ആൻഡ് അപ്ലൈഡ് ഫിസിക്സ് എന്നിവർ അടങ്ങുന്ന സമിതിയെ ചുമതലപ്പെടുത്തി.ഈ സമിതി ഒരാഴ്ചയ്ക്കകം ഇതിന്റെ റിപ്പോർട്ട് വൈസ് ചാൻസലർക്ക് സമർപ്പിക്കേണ്ടതാണ്.
2. 08.02.2019 തീയതിയിലെ സർവകലാശാലാ ഉത്തരവ് നം. 480/ACCI/2019/MGU പ്രകാരമുള്ള സാമ്പത്തിക അധികാരപരിധി ഐ. ഐ. ആർ. ബി. എസ്. ന്റെ ഓണററി ഡയറക്ടർ പാലിക്കേണ്ടതാണ്. നിലവിലുള്ള കുട്ടികളുടെ അക്കാദമിക പ്രവർത്തനങ്ങൾ തടസ്സവും കൂടാതെ തുടരുന്നതിനാവശ്യമായ ലാബ്/ഫാക്കൽറ്റി സംബന്ധമായ ചിലവുകളെ സംബന്ധിച്ച ബില്ലുകൾ സർവകലാശാലയുടെ മുൻകൂർ ഭരണാനുമതി ഉത്തരവോടുകൂടി സമർപ്പിക്കുന്ന പക്ഷം പരിശോധിച്ച് തീരുമാനമെടുക്കുവാൻ വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പോൾ വർഗീസ്

അസിസ്റ്റന്റ് രജിസ്ട്രാർ 5 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ഓണററി ഡയറക്ടർ, IIRBS
2.ഡോ. എസ്. അനസ്, അസി. പ്രൊഫസർ,SCS
3. ഡോ. പി. ആർ. ബിജു, അസോ. പ്രൊഫസർ,SPAP
4. വൈസ് ചാൻസലറുടെ/പ്രൊ-വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
5. രജിസ്ട്രാറുടെ/ഫിനാൻസ് ഓഫീസറുടെ പേഴ്സണൽ അസിസ്റ്റന്റ്
6. ജോയിന്റ് രജിസ്ട്രാർ 3 (ഭരണം)/അസി. രജിസ്ട്രാർ 5 (ഭരണം)
7. ജോയിന്റ് ഡയറക്ടർ, കെ. എസ്. എ. ഡി. (എം. ജി. യു. ഓഡിറ്റ്)
8. ഫിനാൻസ് 1/4, ഓഡിറ്റ് 1/5, എസി സി/എസി എ12
8. റെക്കോർഡ്സ്/കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #6 of File 4450/AD A7/1/2019/AD A 7 Approved by ASSISTANT REGISTRAR V (ADMINISTRATION) on 17-Aug-2019 04:10 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം